തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റിംഗിലെ കാല താമസം ഒഴിവാക്കാൻ നടപടി

87 (1448) ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ജനകീയാസൂത്രണ പരിപാടികൾ സംബന്ധിച്ച ചെലവുകൾ ഉൾപ്പെടെയുള്ള കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് സമർപ്പിക്കാത്തതിനാൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്കെതിരെ ക്രിമിനൽ കേസ് ഫയൽ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തു കാരണത്താലാണ് കണക്കുകൾ ആഡിറ്റ് ചെയ്യാൻ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടായത്;

(സി) ഇതുപോലെയുള്ള കാലതാമസം ഒഴിവാക്കാൻ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുമോ;

(ഡി) നിർദ്ദേശം പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1997-98 ലെ വർഷാന്ത്യ കണക്കുകൾ (ഡി.സി.ബി) യഥാസമയം ഹാജരാക്കാതിരുന്നുവെന്ന കാരണത്താൽ തിരുവനന്തപുരം നഗരസഭാ സെക്രട്ടറിക്കെതിരെ ലോക്കൽഫണ്ട് ഡെപ്യൂട്ടി എക്സാമിനർ പ്രോസിക്യൂഷൻ നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ബി) മുൻ വർഷത്തെ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ 1997-98 വർഷത്തെ കണക്കുകൾ ആഡിറ്റിനു സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി)&(ഡി) 1994-ലെ ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ട് സെക്ഷൻ 9(2)ൽ അനുശാസിക്കുന്ന പ്രകാരം നടപടികളെടുക്കാൻ എല്ലാ ഓഫീസ് മേധാവികൾക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ അയവു വരുത്തുന്നതിന് നടപടി

88 (1449) ശ്രീ. എ.അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ അയവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുകളിൽ അഞ്ചുസെന്റിന് താഴെയും നഗരസഭകളിൽ മൂന്നുസെന്റിന് താഴെയും ഭൂമിയുള്ള ഭവനരഹിതരായ ആളുകൾക്ക് ആശ്വാസം ലഭിക്കുന്ന രീതിയിൽ നിയമത്തിൽ ഇളവ് വരുത്താൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly